പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **18.11.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 5489** | **മറുപടി നൽകേണ്ടിയിരുന്നത്**

## 2011-ലെ കേരള പോലീസ് ആക്ടിന് കീഴിലുള്ള ചട്ടങ്ങളുടെ രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) 2011-ലെ കേരള പോലീസ് ആക്ടിന് കീഴിൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; | എ) 2011-ലെ കേരള പോലീസ് ആക്ടിലെ 110-ാം വകുപ്പും 129-ാം വകുപ്പും വിനിയോഗിച്ചു കൊണ്ട് 2019 ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങൾ 26.09.2019 ന് എസ്.ആർ.ഒ നം. 684/2019 ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട്, സർക്കാർ നിർദ്ദേശിച്ച ഭേദഗതി ഉൾപ്പെടുത്തി 08.12.2018 തീയതിയിലെ സി4/146704/2017/ പി.എച്ച്.ക്യൂ നമ്പർ പ്രകാരം പോലീസ് മേധാവി സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച ശേഷം നിയമസഭയുടെ വിഷയനിർണ്ണയസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| ബി) നിലവിലുള്ള നിയമപ്രകാരം ഒരു നിയമം പാസ്സായി കഴിഞ്ഞാൽ ആറുമാസത്തിനുള്ളിൽ അതനുസരിച്ചുള്ള ചട്ടങ്ങൾ രൂപീകരിക്കണം എന്ന് വ്യവസ്ഥയുണ്ടോ; | ബി) ഒരു ആക്ട് പ്രസിദ്ധീകരിച്ച തീയതി മുതൽ 90 ദിവസങ്ങൾക്കുള്ളിൽ ആയതിന്റെ ചട്ടങ്ങൾ കരട് രൂപത്തിൽ വിഷയനിർണ്ണയസമിതിയ്ക്ക് ലഭ്യമാക്കണമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 (2) ൽ വ്യവസ്ഥയുണ്ട്. |
| സി) 2011-ലെ കേരള പോലീസ് ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസമുണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | സി) 2011-ലെ കേരള പോലീസ് ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലാനുസൃതമായ മാറ്റം അനിവാര്യമാവുകയും അതേതുടർന്ന് ഭരണപരമായ കാലതാമസം ഉണ്ടാവുകയും ചെയ്തു. മുൻ ഗവൺമെന്റിന്റെ കാലത്തു യഥാസമയം യഥാവിധം ചട്ടങ്ങൾ തയ്യാറാക്കുന്നതിനു വന്ന താമസവും ഇതിനു കാരണമായി എന്നും കാണുന്നു. |

സെക്ഷൻ ഓഫീസർ